പതിനാലാം കേരള നിയമസഭ
ബിൽ നമ്പർ 156

# 2018-ലെ ലോക് ആയുക്ത (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

published on 24/10/2018

പതിനാലാം കേരള നിയമസഭ
ബിൽ നമ്പർ 156

# 2018-ലെ കേരള ലോക് ആയുക്ത (ഭേദഗതി) ബിൽ

1415/2018.

# 2018-ലെ കേരള ലോക് ആയുക്ത (ഭേദഗതി) ബിൽ

1999-ലെ കേരള ലോക് ആയുക്ത ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1999-ലെ കേരള ലോക് ആയുക്ത ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയൊൻപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2018-ലെ കേരള ലോക് ആയുക്ത (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 7-ാം വകുപ്പിന്റെ ഭേദഗതി.—1999-ലെ കേരള ലോക് ആയുക്ത ആക്റ്റിന്റെ (1999-ലെ 8), 7-ാം വകുപ്പ് (5)-ാം ഉപവകുപ്പിനുപകരം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(5) (1) മുതൽ (4) വരെ ഉപവകുപ്പുകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ലോക് ആയുക്തയ്ക്കോ ഒരു ഉപലോക് ആയുക്തയ്ക്കോ തന്റെ ചുമതലകൾ അസാന്നിദ്ധ്യമോ അസുഖമോ മറ്റേതെങ്കിലുമോ കാരണത്താൽ നിർവ്വഹിക്കാൻ കഴിയാതെ വന്നാൽ,—

(എ) (1)-ാം ഉപവകുപ്പ് പ്രകാരം ലോക് ആയുക്തയുടെ ചുമതലകൾ നിർവ്വഹിക്കേണ്ട സംഗതിയിൽ രണ്ട് ഉപലോക് ആയുക്തകൾ അടങ്ങുന്ന ഒരു ബഞ്ച് അത്തരം ചുമതലകൾ നിർവ്വഹിക്കുന്നതിനായി ലോക് ആയുക്തയ്ക്ക് രൂപീകരിക്കാവുന്നതാണ്:

എന്നാൽ ഈ ഖണ്ഡപ്രകാരം രൂപീകരിച്ചിട്ടുള്ള ബഞ്ചിലെ രണ്ട് ഉപലോക് ആയുക്തകൾ തമ്മിൽ അഭിപ്രായ വ്യത്യാസമുണ്ടാകുന്ന സന്ദർഭത്തിൽ ആ സംഗതി ലോക് ആയുക്തയും ഉപലോക് ആയുക്തമാരും അടങ്ങുന്ന ഒരു ഫുൾബഞ്ച് മുൻപാകെ വയ്ക്കേണ്ടതാണ്.

(ബി) (2)-ാം ഉപവകുപ്പ് പ്രകാരം ഒരു ഉപലോക് ആയുക്തയുടെ ചുമതലകൾ നിർവ്വഹിക്കേണ്ടിവരുന്ന സംഗതിയിൽ, ലോക് ആയുക്തക്കും മറ്റൊരു ഉപലോക് ആയുക്തക്കും സിംഗിൾ സിറ്റിംഗ് നടത്താവുന്നതും പ്രസ്തുത ഉപവകുപ്പ് പ്രകാരമുള്ള ചുമതലകൾ നിർവ്വഹിക്കാവുന്നതുമാണ്; കൂടാതെ,

(സി) രണ്ട് ഉപലോക് ആയുക്തമാരുടെയും അഭാവമുണ്ടാകുന്ന സംഗതിയിൽ, ഈ വകുപ്പ് പ്രകാരമുള്ള അവരുടെ ചുമതലകൾ ലോക് ആയുക്തയ്ക്ക് നിർവ്വഹിക്കാവുന്നതുമാണ്.".

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1999-ലെ കേരള ലോക് ആയുക്ത ആക്റ്റ് (1999-ലെ 8-ാം ആക്റ്റ്) 7-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം മുഖ്യമന്ത്രിയ്ക്കോ മന്ത്രിമാർക്കോ നിയമസഭാംഗങ്ങൾക്കോ ഗവൺമെന്റ് സെക്രട്ടറിമാർ, തുടങ്ങിയവർക്ക് എതിരെയുള്ള പരാതികളിൽ അന്വേഷണം നടത്തേണ്ടത് ലോക് ആയുക്തയും ഉപലോക് ആയുക്തമാരിൽ ഒരാളുമായിരിക്കുന്നതാണ്. ലോക് ആയുക്തയുടെയും ഉപലോക് ആയുക്തമാരുടെയും രൂപീകരണമാണ് 3-ാം വകുപ്പ് വ്യവസ്ഥ ചെയ്യുന്നത് ലോക് ആയുക്തയ്ക്ക് വ്യക്തിപരമായ കാരണങ്ങൾ ഉൾപ്പെടെയുള്ള ഏതെങ്കിലും യഥാർത്ഥകാരണങ്ങളാൽ ഒരു പ്രത്യേക പരാതി കൈകാര്യം ചെയ്യാൻ കഴിയുന്നില്ലെങ്കിൽ ആ പ്രത്യേക കേസ് തീർപ്പാക്കാതെ നിലനിർത്തേണ്ടി വരുമെന്നതാണ് നിലവിലുള്ള അവസ്ഥ. അപ്രകാരമുള്ള ഒരു സ്ഥിതി തരണം ചെയ്യുന്നതിനായി, ലോക് ആയുക്ത തീരുമാനിക്കേണ്ടതായ കേസുകൾ രണ്ട് ഉപലോക് ആയുക്തകൾ അടങ്ങുന്ന ഡിവിഷൻ ബഞ്ച് രൂപീകരിച്ച് തീർപ്പാക്കുന്ന ആവശ്യത്തിനായി ലോക് ആയുക്തയെ പ്രാപ്തമാക്കുന്നതിനും ഉപലോക് ആയുക്ത കൈകാര്യം ചെയ്യുന്ന കാര്യങ്ങൾ സിംഗിൾ സിറ്റിംഗ് നടത്തുന്നതിന് ലോക് ആയുക്തയെ പ്രാപ്തമാക്കുന്നതിനും കൂടി 1999-ലെ കേരള ലോക് ആയുക്ത ആക്റ്റിന്റെ (1999-ലെ 8-ാം ആക്റ്റ്) 7-ാം വകുപ്പ് ഭേദഗതി ചെയ്യണമെന്ന് കേരള ലോക് ആയുക്ത സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. അതിനാൽ 1999-ലെ കേരള ലോക് ആയുക്ത ആക്റ്റിന്റെ (1999-ലെ 8-ാം ആക്റ്റ്) 7-ാം വകുപ്പ് (5)-ാം ഉപവകുപ്പ് ഭേദഗതി ചെയ്യുന്നതിന് സർക്കാർ തീരുമാനിച്ചു.

2. പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ ബിൽ

## ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

പിണറായി വിജയൻ.

## 1999-ലെ കേരള ലോക് ആയുക്ത ആക്റ്റിൽ (1999-ലെ 8) നിന്നുള്ള പ്രസക്തഭാഗങ്ങൾ

** ** ** ** ** ** **

7. ലോക് ആയുക്തയ്ക്കും ഉപലോക് ആയുക്തമാർക്കും അന്വേഷണം നടത്താവുന്ന സംഗതികൾ.— (1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി,

(i) മുഖ്യമന്ത്രിയോ,

(ii) ഒരു മന്ത്രിയോ,

(iii) സംസ്ഥാന നിയമസഭയിലെ ഒരംഗമോ,

(iv) ഒരു സെക്രട്ടറിയോ,

(v) സംസ്ഥാന തലത്തിലെ ഒരു രാഷ്ട്രീയ പാർട്ടിയുടെ ഔദ്യോഗിക ഭാരവാഹിയോ, അഥവാ,

(vi) 2-ാം വകുപ്പിലെ (iii)-ാം ഉപവകുപ്പിലെ (ഡി) ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഒരു ഉദ്യോഗസ്ഥനോ,

എടുത്തതോ അല്ലെങ്കിൽ അവരുടെ പൊതുവായതോ പ്രത്യേകമായതോ ആയ അനുമതിയോടു കൂടി എടുത്തതോ ആയ ഏതെങ്കിലും നടപടിയെ സംബന്ധിച്ച് ഒരു സങ്കടമോ ആരോപണമോ ഉൾപ്പെടുന്ന ഒരു പരാതി നൽകപ്പെടുന്ന ഏതൊരു സംഗതിയിലും ലോകായുക്തയും ഈ ആവശ്യത്തിനായി ലോകായുക്ത നാമനിർദ്ദേശം ചെയ്ത ഏതെങ്കിലും ഉപലോകായുക്തയും കൂടി അന്വേഷണം നടത്തേണ്ടതും, അതു സംബന്ധിച്ച് ലോകായുക്തയും അത് നാമനിർദ്ദേശം ചെയ്ത ഉപലോകായുക്തയും തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടായിരിക്കുന്നപക്ഷം, ലോകായുക്തയും രണ്ടു ഉപലോകായുക്തമാരും കൂടി ആ നടപടിയെ സംബന്ധിച്ച് അന്വേഷണം നടത്തേണ്ടതും അതിൽ ഭൂരിപക്ഷ തീരുമാനം നിലനിൽക്കുന്നതുമാണ്.

(2) ഈ ആക്റ്റിലെ വ്യവസ്ഥകൾക്കു വിധേയമായി മുഖ്യമന്ത്രിയോ ഒരു മന്ത്രിയോ, ഒരു നിയമസഭാംഗമോ അല്ലെങ്കിൽ ഒരു സെക്രട്ടറിയോ അല്ലെങ്കിൽ സംസ്ഥാനതലത്തിലെ ഒരു രാഷ്ട്രീയ പാർട്ടിയുടെ ഔദ്യോഗിക ഭാരവാഹിയോ അല്ലെങ്കിൽ 2-ാം വകുപ്പിലെ (iii)-ാം ഉപവകുപ്പിലെ (ഡി) ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഒരു ഉദ്യോഗസ്ഥനോ അല്ലാത്ത ഏതെങ്കിലും പബ്ലിക് സർവെന്റ് എടുത്തതോ അയാളുടെ പൊതുവായതോ പ്രത്യേകമായതോ ആയ അനുമതിയോടുകൂടി എടുത്തതോ ആയ ഏതൊരു

നടപടിയും, അപ്രകാരമുള്ള നടപടിയെ സംബന്ധിച്ച് ഒരു സങ്കടമോ ഒരു ആരോപണമോ അടങ്ങിയിട്ടുള്ള ഒരു പരാതി നൽകപ്പെടുകയോ അല്ലെങ്കിൽ അങ്ങനെയുള്ള നടപടി ഒരു സങ്കടത്തിനോ ആരോപണത്തിനോ കാരണമാകാമെന്നോ, ആകുമായിരുന്നെന്നോ ഉപലോകായുക്തയ്ക്ക് അഭിപ്രായമുള്ള സംഗതിയിൽ, അതിന് അന്വേഷണം നടത്താവുന്നതാണ്.

(3) (1)-ം (2)-ം ഉപവകുപ്പുകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ലോക് ആയുക്തയ്ക്കോ ഉപലോക് ആയുക്തയ്ക്കോ, ഒരു പബ്ലിക് സർവെന്റ് എടുത്തതോ തന്റെ പൊതുവായോ പ്രത്യേകമായോ ഉള്ള അനുമതിയോടെ എടുത്തിട്ടുള്ളതോ ആയ ഏതൊരു നടപടിയും, സർക്കാർ അദ്ദേഹത്തിന് റഫർ ചെയ്യുകയാണെങ്കിൽ, അന്വേഷിക്കാവുന്നതാണ്.

(4) ലോക് ആയുക്തയ്ക്ക്, ഈ ആക്റ്റിൻ കീഴിൽ അന്വേഷണം നടത്തേണ്ട സംഗതികൾ പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവു വഴി ഉപലോക് ആയുക്തമാരിൽ ഓരോരുത്തർക്കും ഏല്പിച്ചുകൊടുക്കാവുന്നതാണ്.

(5) (1) മുതൽ (4) വരെ ഉപവകുപ്പുകളിൽ എന്തു തന്നെ അടങ്ങിയിരുന്നാലും ഒരു ഉപലോക് ആയുക്തയ്ക്ക് തന്റെ ചുമതലകൾ അസാന്നിദ്ധ്യമോ അസുഖമോ മറ്റേതെങ്കിലുമോ കാരണത്താൽ നിർവഹിക്കാൻ കഴിയാതെ വന്നാൽ അദ്ദേഹത്തിന്റെ ചുമതലകൾ മറ്റേ ഉപലോക് ആയുക്തയ്ക്കോ രണ്ടുപേരുടെയും അഭാവത്തിൽ ലോക് ആയുക്തയ്ക്കോ നിർവഹിക്കാവുന്നതാണ്.

** ** ** ** ** ** **